(സി) പ്രതികളുടെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(ഡി) പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി

10 (4614) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽമെറ്റ് ധരിക്കണമെന്ന വ്യവസ്ഥ ഇരുചക്ര വാഹനം ഓടിക്കുന്നവർക്ക് നിർബന്ധമാക്കി നിർദ്ദേശം നൽകിയ പോലെ മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ 2009-2010-ൽ, സംസ്ഥാനത്തൊട്ടാകെ ഹെൽമറ്റ് ധരിക്കാത്ത എത്ര കേസ്സുകളിൽ പിഴ ഈടാക്കി എന്നും, മദ്യപിച്ച് വാഹനമോടിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ ;

(സി) അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങൾ ഓടിച്ചിരുന്നവരെ മദ്യപിച്ചിരുന്നോ എന്നു പരിശോധിക്കാറുണ്ടോ ; ഇല്ലെങ്കിൽ ഓരോ കേസിലും അതിനായി രക്തപരിശോധന നിർബന്ധമാക്കുമോ ;

(ഡി) 2009-2010 വർഷം മദ്യപിച്ചു വാഹനമോടിച്ച് അപകടത്തിൽപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ ;

(ഇ) യു. ഡി. എഫ്. സർക്കാരിന്റെ ഭരണകാലത്തും ഈ സർക്കാരിന്റെ ഭരണകാലത്തും ഹെൽമെറ്റ് ധരിക്കാത്തവരിൽ നിന്നും പിഴയിനത്തിൽ ഈടാക്കിയ തുകയുടെ കണക്ക് വെവ്വേറെ നൽകുമോ ;

(എഫ്) പോലീസ് സേനാംഗങ്ങളെ ഹെൽമെറ്റ് ഉപയോഗിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അവരിൽ നിന്നും പിഴ ഈടാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) മദ്യപിച്ച് വാഹനമോടിക്കുന്നത് മോട്ടോർ വാഹനനിയമപ്രകാരം കുറ്റകരമാണ്. അത്തരത്തിലുള്ളവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ഹെൽമറ്റ് ധരിക്കാത്തതിന് പിഴ ഈടാക്കിയ കേസ്സുകളുടെ എണ്ണം		മദ്യപിച്ചു വാഹനം ഓടിച്ചതിന് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം	
2009	1-1-2010 മുതൽ 30-6-2010 വരെ	2009	1-1-2010 മുതൽ 30-6-2010 വരെ
3440918	1765556	117729	89989

(സി) അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങൾ ഓടിച്ച ഡ്രൈവർ മദ്യപിച്ചതായി സംശയിക്കപ്പെടുന്നുവെങ്കിൽ വൈദ്യപരിശോധന നടത്തി നിയമപരമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ഡി) ഉണ്ട്.

മദ്യപിച്ചു വാഹനം ഓടിച്ച് അപകടത്തിൽപ്പെട്ട റിപ്പോർട്ട് ചെയ്ത കേസ്സുകളുടെ എണ്ണം

2009	1-1-2010 മുതൽ 30-6-2010 വരെ
155	75

(ഇ) ഈടാക്കിയ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

യു.ഡി.എഫ്	എൽ.ഡി.എഫ്
4831550	238968186

(എഫ്) ഒഴിവാക്കിയിട്ടില്ല. പോലീസ് ഉദ്യോഗസ്ഥൻമാർ ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്താൽ അവരിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മണലിന് ഫൈൻ ഈടാക്കുന്ന നടപടി

11 (4615) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും നിയമാനുസൃതം കൊണ്ടുവരുന്ന മണൽ കേരളാ ചെക്കുപോസ്റ്റുകളിൽ നികുതി അടച്ചുകൊണ്ടു വരുമ്പോൾ വീണ്ടും പോലീസ് പിടിക്കുകയും ലോഡ് ഒന്നിന് 25,000 രൂപ ഫൈൻ അടിക്കുകയും ചെയ്യുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly